സഹകരണ സ്ഥാപനങ്ങളിലെ അഡ്മിനിസ്ട്രേറ്റർ ഭരണം

155 (522) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂന്ന് (3) വർഷത്തിലധികമായി അഡ്മിനിസ്ട്രേറ്റർ ഭരണമോ അഡ്മിനിസ്ട്രേറ്റർ കമ്മിറ്റി ഭരണമോ നടക്കുന്ന എത്ര സഹകരണ സ്ഥാപനങ്ങൾ ഉണ്ടെന്ന് ജില്ല തിരിച്ച കണക്ക് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത സംഘങ്ങളിൽ ഇക്കാലയളവിൽ ജീവനക്കാരെ നിയമിക്കുകയോ പുതിയ മെമ്പർമാരെ ചേർക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 282 സഹകരണ സ്ഥാപനങ്ങളുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	27
കൊല്ലം	18
പത്തനംതിട്ട	6
ആലപ്പുഴ	60
ഇടുക്കി	6
കോട്ടയം	ഇല്ല
എറണാകുളം	21
തൃശ്ശൂർ	120
പാലക്കാട്	ഇല്ല
മലപ്പുറം	4
കോഴിക്കോട്	9
വയനാട്	4
കണ്ണൂർ	1
കാർഗോഡ്	6
ആകെ	282

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സംഘങ്ങളിൽ ജീവനക്കാരെ നിയമിച്ചതിന്റെയും പുതിയ മെമ്പർമാരെ ചേർത്തതിന്റെയും വിവരം ചുവടെ ചേർക്കുന്നു :

1. കോഴഞ്ചേരി താലൂക്കിൽ ഉൾപ്പെട്ട കുളനട സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 2133-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി അംഗീകരിച്ച പുനരുദ്ധാരണ പദ്ധതിയുടെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിൽനിന്നും രണ്ട് ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിച്ചിട്ടുള്ളതാണ്.

2. ഇടുക്കി ജില്ലയിലെ അരിക്കുഴ സർവ്വീസ് സഹകരണ ബാങ്കിൽ 113 അംഗങ്ങളെ ചേർക്കുകയും പൂൺ തസ്തികയിലേക്ക് ഒരു നിയമനം നടത്തുകയും, ഇടുക്കി ജില്ലാ മോട്ടോർ എംപ്ലോയീസ് സഹകരണ സംഘത്തിൽ ഒരു അംഗത്തിനെ ചേർക്കുകയും ചെയ്തിട്ടുണ്ട്.

3. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന കോ-ഓപ്പറേറ്റീവ് ഇൻഷ്വറൻസ് സൊസൈറ്റിയിൽ 159 അംഗങ്ങളെ ചേർക്കുകയും, 16 ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

4. വടകര സഹകരണ റൂറൽ ബാങ്കിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിച്ചിട്ടുണ്ട്. കൂടാതെ ടി ബാങ്കിൽ 3132 പേർക്ക് അംഗത്വം നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ കേസ് നിലവിലുണ്ട്.

കൊച്ചി സഹകരണ മെഡിക്കൽ കോളേജ്

156 (523) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കൊച്ചിയിലെ സഹകരണ മെഡിക്കൽ കോളേജിന്റെ ഉപസ്ഥാപനത്തിലുണ്ടായിരുന്ന കോടികൾ വിലമതിക്കുന്ന കാത്ത് ലാബും ഡയാലിസിസ് യൂണിറ്റും ഒരു സ്വകാര്യ ആശുപത്രിക്ക് കൈമാറിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ വിഷയത്തിൽ കേപ് ഡയറക്ടർ മനുഷ്യാവകാശ കമ്മീഷന് നൽകിയ വിശദീകരണം വെളിപ്പെടുത്താമോ ;

(സി) സർക്കാർ ആശുപത്രികൾക്ക് ആവശ്യമുണ്ടായിരുന്നിട്ടും, ഇവ സ്വകാര്യ ആശുപത്രിക്ക് നൽകുവാൻ തീരുമാനം എടുത്തിട്ടുണ്ടായിരുന്നോ ; എങ്കിൽ കാരണം വെളിപ്പെടുത്താമോ ?

777/2019

LIBRARY ARCHIVES Kerala Legislative Assembly